## പിറവിക്കാലം ഒന്നാം ഞായർ

## തിരുക്കുടുംബം

ജോസഫും മേരിയും ഉണ്ണീശോയുമടങ്ങിയ തിരുക്കുടുംബത്തെ ധ്യാനിക്കാൻ ഒരു ദിവസം കൂടി. നമ്മുടെ കുടുംബബന്ധങ്ങളേയും കുടുംബജീവിതങ്ങളേയും വിലയിരുത്താനും കുടുംബജീവിതത്തിന്റെ സത്തയിലേക്ക് ജീവിതത്തെ തിരിച്ചയക്കാനും ഒരു ദിവസം കൂടി തിരുസഭാമാതാവ് നല്കിയിരിക്കുകയാണ്.

ഓരോ കുടുംബവും തിരുക്കുടുംബമാകണമെന്ന് ദൈവത്തിന്റെ സ്വപ്നം. തിരുക്കുടുംബത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയായിരുന്നു.

1. ജോസഫ്- നീതിമാനായ അപ്പൻ. നീതിയുടെ ലോകാരംഭം മുതൽ ഇന്ന് വരെയുള്ള ജീവിതങ്ങൾ ഏതെടുത്താലും നീതിമാനായിരിക്കുക എന്നത് അത്ര എളുപ്പമല്ല. ജോസഫ് നീതിമാനായിരുന്നു എന്ന ദൈവവചനം പൂർണ്ണനായ ഒരപ്പനെ ദ്യോതിപ്പിക്കുന്നുണ്ട്.
2. മറിയം -ഞാൻ കർത്താവിന്റെ ദാസി എന്ന് പറഞ്ഞു. ദൈവ ഭരണത്തിന് പൂർണ്ണമായി വണങ്ങുന്ന മറിയം എന്ന പെണ്ണ്. സന്തോഷമായാലും സങ്കടമായാലും അത്ഭുതപ്പെടുത്തുന്നവയായാലും ജീവിതാനുഭവങ്ങളുടെ മദ്ധ്യത്തിൽ ശാന്തമായിരുന്നുകൊണ്ട് ദൈവത്തെധ്യാനിക്കാനും ദൈവത്തിന് നന്ദി പറയാനും കഴിവുള്ള പക്വമതിയായ അമ്മ.
3. ഉണ്ണീശോ- ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളരുന്ന മകൻ. പ്രായത്തിനൊത്തുള്ള പക്വതയും അറിവും ദൈവത്തോടും മനുഷ്യരോടും ഇടമുറിയാത്ത പവിത്രമായ ബന്ധവും ഓരോ മകനേയും മകളേയും പൂർണ്ണതയിലേക്കെത്തിക്കും.
4. ഈജിപ്തിലെ വാസം- എന്റെ കുടുംബനന്മക്കുവേണ്ടി ഞനെടുക്കുന്ന ത്യാഗം, എന്റെ വേദന, എന്റെ പ്രവാസ ജീവിതം, എന്റെ രോഗം, എന്റെ കഷ്ടപ്പാട്, എന്റെ പട്ടിണി എല്ലാം കുടുംബജീവീതത്തിന്റെ നന്മക്കുവേണ്ടി ദൈവീക പദ്ധതിപ്രകാരം ഞാനെടുക്കുന്ന ത്യാഗമാണ്.
5. നസ്രത്തിലേക്കുള്ള തിരിച്ചുവരവ്- എല്ലാം കാണുന്ന എല്ലാം ക്രമീകരിക്കുന്ന ദൈവത്തിലാശ്രയിക്കാൻ ജോസഫിനും മിറയത്തിനുമായതുകൊണ്ടാണ് ദൈവം ആഗ്രഹിക്കുവോളം അന്യദേശത്ത് പാർക്കനും ദൈവം ഒരുക്കിയ വഴിയേ നടന്ന് ഒടുവിൽ നസ്രത്തിലെത്തിച്ചേരാനും അവർക്ക് മനക്കരുത്ത് നല്കിയത്.

ചാവറസൂക്തങ്ങളിലെ ഏതാനം ചില വാക്യങ്ങൾ കൂടി,

* കുടുംബത്തിൽ നിക്ഷേപം- മക്കൾ
* കുടുംബത്തിന്റെ സമ്പത്ത്- ദൈവപേടിയും ഭക്തിയും
* തറവാടിന്റെ ഭാഗ്യവും സമാധാനവും- വഴക്കില്ലാതിരിക്കുക
* കുർബാനക്കടവും ഉത്തരിപ്പുകടവും ദൈവശാപം വരുത്തിവക്കും
* ബന്ധുത ചേരുമ്പോൾ ക്രമവും ദൈവപേടിയുമുള്ള തറവാടുകളോട് ചേരില്ല
* കുടുംബത്തിന്റെ നിലനിൽപുമായി ബന്ധപ്പെട്ട അഞ്ച് കാര്യങ്ങൾ - സ്നേഹം, സമാധാനം, ത്യാഗം, പ്രാർതഥന, പരസ്പരധാരണ
* കുട്ടികളെ തെറ്റിക്കുന്ന രണ്ട് കാര്യങ്ങൾ - അമിത സ്വാതന്ത്ര്യം, അമിത കാർക്കശ്യം

പരിശുദ്ധമായ കുടുംബ ബന്ധങ്ങൾ രൂപപ്പെടുത്തിയെടുക്കണം. വിശുദ്ധമായ കുടുംബങ്ങൾക്കേ നാളെ വിശുദ്ധമായ ഒരു തലമുറ കെട്ടിപ്പടുക്കാൻ കഴിയൂ. ദൈവാനുഗ്രഹം നേരുന്നു.